പഠനം

റാശിദുൽ ഗന്നൂശി

സ്ത്രീ ഖുർആനിലും മുസ്‌ലിം ജീവിതത്തിലും - 5

# ‘നിങ്ങൾ പെണ്ണുങ്ങളുടെ കുതന്ത്രം ഭയങ്കരം തന്നെ’

**മേൽകൊടുത്ത** ഖുർആൻ സൂക്തഭാഗത്തിൽ (*യൂസുഫ്* 28) കുതന്ത്രത്തിന് ‘കൈദ്’ എന്ന വാക്കാണ് പ്രയോഗിച്ചിരിക്കുന്നത്. വേലയൊപ്പിക്കൽ, തന്ത്രം, എങ്ങനെ മികച്ച രീതിയിൽ ആസൂത്രണം ചെയ്യാം എന്ന അന്വേഷണം എന്നീ അർഥങ്ങളാണ് അറബിയിൽ ഈ വാക്കിന്. യുദ്ധത്തെ ‘കൈദ്’ എന്ന് വിശേഷിപ്പിക്കുന്നത് അതുകൊണ്ടാണ്. മനുഷ്യൻ, പിശാച്, സ്ത്രീകൾ, പുരുഷന്മാർ, സൽകർമികൾ, ദുഷ്കർമികൾ എന്നിവരിലേക്ക് ചേർത്ത് ഈ പദം ഖുർആൻ പ്രയോഗിച്ചിട്ടുണ്ട്. സ്രഷ്ടാവിന്റെയും അവന്റെ സൃഷ്ടികളുടെയും തന്ത്രങ്ങൾ താരതമ്യം ചെയ്യുന്ന സന്ദർഭത്തിൽ ‘കൈദി’നെ അല്ലാഹുവിലേക്ക് ചേർത്തും പറഞ്ഞിരിക്കുന്നു. കൈദ് എന്നത് സ്വയം ഒരു നിന്ദ്യ വാക്കല്ല എന്നർഥം. ലക്ഷ്യമെന്താണ്; അത് നേടിയെടുക്കാൻ സ്വീകരിക്കുന്ന മാർഗങ്ങൾ എന്താണ് എന്നതിനെ ആശ്രയിച്ച് ആ വാക്ക് പ്രശംസനീയമായതിനും നിന്ദ്യമായതിനും ഉപയോഗിക്കും.

*യൂസുഫ്* അധ്യായത്തിൽ തന്നെ യൂസുഫിന്റെ സഹോദരന്മാരിലേക്ക് ചേർത്ത് ഈ വാക്ക് വന്നിട്ടുണ്ട്: “ഈ സ്വപ്നത്തെപ്പറ്റി ഒരിക്കലും നിന്റെ സഹോദരന്മാരോട് പറയരുത്. അവർ നിനക്കെതിരെ ഗൂഢതന്ത്രം പ്രയോഗിച്ചേക്കും” (12:5). ദൈവിക ആസൂത്രണത്തെക്കുറിക്കാനും ഇതേ വാക്ക് തന്നെയാണ് പ്രയോഗിച്ചത്. “അങ്ങനെ നാം യൂസുഫിന് വേണ്ടി തന്ത്രം പ്രയോഗിച്ചു” (12:76). കുറ്റമറ്റതും സൂക്ഷ്മവുമായ തന്ത്രം എന്നാണ് ഇവിടെ അതിന് അർഥം.[1]

**സൂക്തത്തിൽ വന്ന ‘നിങ്ങൾ പെണ്ണുങ്ങളുടെ കുതന്ത്രം ഭയങ്കരം തന്നെ’ എന്ന പരാമർശം ഒരു നിർണിത സ്ത്രീയെക്കുറിച്ച് മാത്രമാണെന്ന് മനസ്സിലാക്കണം. നടന്നുകഴിഞ്ഞ അധമ വൃത്തിയുടെ ഗൗരവം കുറക്കാനും അത് നിസ്സാരമാണെന്ന് വരുത്തിത്തീർക്കാനുമാണ് യജമാനത്തിയുടെ ഭർത്താവ് അത് മുഴുവൻ സ്ത്രീകളിലേക്കുമായി ചേർത്തിപ്പറയുന്നത്.**

‘ഇന്ന കൈദകുന്ന അദീം’ (നിങ്ങൾ പെണ്ണുങ്ങളുടെ (കു)തന്ത്രം ഭയങ്കരംതന്നെ) എന്ന സൂക്തഭാഗത്ത് പ്രയോഗിച്ച ‘കൈദും’ ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ.

ഈജിപ്തിലെ മതപരവും രാഷ്ട്രീയവുമായ അധികാരം കൈയേൽക്കുന്നതിന്റെ മുന്നോടിയായി തന്റെ ദാസനായ യൂസുഫിനെ അല്ലാഹു നിരവധി പരീക്ഷണങ്ങളിലൂടെ നടത്തിക്കൊണ്ട് പോകുന്നുണ്ട്. ആദ്യമായി യൂസുഫിന് നേരിടേണ്ടിവന്നത് സ്വന്തം സഹോദരന്മാരുടെ ശത്രുത. അവർ യൂസുഫിനെ ഒരു കിണറ്റിൽ എറിഞ്ഞു. മാന്യരിൽ മാന്യനായ യൂസുഫ് പിന്നീട് എത്തിപ്പെടുന്നത് അടിമച്ചന്തയിൽ. പ്രായപൂർത്തിയാവുന്നതും ശിക്ഷണശീലങ്ങൾ ആർജിക്കുന്നതും ഒരു അടിമയായിക്കൊണ്ട്. അദ്ദേഹത്തിന്റെ സൗന്ദര്യത്തിൽ വശീകരിക്കപ്പെട്ടുപോയ യജമാനത്തി തന്റെ കാമപൂർത്തിക്കായി യൂസുഫിനെ ഉപയോഗിക്കാൻ സകല അടവുകളും പുറത്തെടുത്തു. യൂസുഫ് മയത്തിലും തന്ത്രപരമായും ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു. ഒടുവിൽ യജമാനത്തിയുടെ ക്ഷമ നശിച്ചു. അവളുടെ അഹന്തക്ക് പോറലേറ്റു. എന്തു വന്നാലും കട

ന്നാക്രമിക്കാൻ തന്നെ അവൾ തീരുമാനിച്ചു. “വാതിലുകളടച്ച് അവൾ പറഞ്ഞു: വരൂ... അവൾ അദ്ദേഹത്തെ കാമിച്ചു. അദ്ദേഹം അവളെയും കാമിക്കുമായിരുന്നു...” പക്ഷേ യൂസുഫ് വളരെ പെട്ടെന്നു തന്നെ തന്റെ വിശ്വാസ ദാർഢ്യം കൊണ്ട് അത്തരം ജഢില വികാരങ്ങളെ മറികടന്ന് പാപമുക്തനായി രക്ഷിതാവിങ്കൽ അഭയം തേടി. “തന്റെ നാഥന്റെ പ്രമാണം കണ്ടില്ലായിരുന്നെങ്കിൽ അദ്ദേഹം അവളെയും കാമിക്കുമായിരുന്നു. അങ്ങനെ സംഭവിച്ചത് തിന്മയും നീചകൃത്യവും അദ്ദേഹത്തിൽനിന്ന് തട്ടിമാറ്റാനാണ്” (12:24).

കടുത്ത സമ്മർദങ്ങൾക്ക് നടുവിലും പ്രലോഭനങ്ങളുടെ ആഴിയിൽനിന്ന് വിട്ടകന്നു നിൽക്കുകയല്ലാതെ വേറെ വഴിയുണ്ടായിരുന്നില്ല. പക്ഷേ സ്ത്രൈണ അഹന്തക്ക് മുറിവേറ്റ യജമാനത്തി തന്റെ ഉയർന്ന സാമൂഹിക പദവി ഉപയോഗിച്ച്, ‘അനുസരണയും അടക്കവും ഒതുക്കവും’ ഇല്ലാത്ത ഈ ആണടിമയെ വരുതിയിലാക്കാൻ തന്നെ തുനിഞ്ഞു. യൂസുഫ് രക്ഷപ്പെടാതിരിക്കാനായി അവൾ അദ്ദേഹത്തിന്റെ വസ്ത്രത്തിൽ കയറിപ്പിടിച്ചു. വസ്ത്രം കീറി. “അവരിരുവരും വാതിൽക്കലേക്കോടി. അവൾ പിന്നിൽനിന്ന് അദ്ദേഹത്തിന്റെ കുപ്പായം വലിച്ചുകീറി.”

ഈ അവസരത്തിലാണ് യജമാനത്തിയുടെ ഭർത്താവ് കയറിവരുന്നത്. അദ്ദേഹം ഈജിപ്തിന്റെ ഭരണച്ചുമതലയുള്ള ആളാണ്. വികാരവിവശയായി കൗമാരപ്രായക്കാരനായ അടിമയുടെ പിന്നാലെ പായുന്ന സ്വന്തം ഭാര്യയെ കണ്ട് അദ്ദേഹം അന്തംവിട്ടുനിന്നു.

തന്റെ ചെയ്തിയെ ന്യായീകരിക്കാൻ അവൾ ഉടനടി ഒരു കുതന്ത്രം പുറത്തെടുക്കുന്നതാണ് പിന്നീട് നാം കാണുന്നത്. അകപ്പെട്ട കുരുക്കിൽനിന്ന് രക്ഷപ്പെടാൻ അതേ മാർഗമുണ്ടായിരുന്നുള്ളൂ. താൻ തീറ്റിപ്പോറ്റിയ അടിമ അഭിജാതയും കുലീനയുമായ തന്നെ കടന്നുപിടിച്ചിരിക്കുന്നു എന്നവൾ പരാതിപ്പെട്ടു. “അവൾ പറഞ്ഞു: നിങ്ങളുടെ ഭാര്യയുടെ നേരെ അരുതായ്മ ആഗ്രഹിച്ച ഇയാൾക്കുള്ള ശിക്ഷയെന്താണ്? ഒന്നുകിലവനെ തടവിലിടണം. അല്ലെങ്കിൽ നോവേറിയ മറ്റെന്തെങ്കിലും ശിക്ഷ നൽകണം.” താൻ പീഡിപ്പിക്കപ്പെട്ടതായി അവൾ വാദിക്കുന്നുണ്ടെങ്കിലും, എങ്ങനെയുള്ള പീഡനം എന്ന് തെളിച്ച് പറയുന്നില്ല. പ്രശ്നം യജമാനത്തിയും അവളുടെ അടിമയും തമ്മിലായതിനാൽ, അടിമയെ ജയിലിലിട്ടോ



**ആദി പാപത്തിന്റെ ഭാരം സ്ത്രീകൾ ഏറ്റെടുക്കേണ്ടിവന്നതു പോലെ, മിസ്ർ ഭരണാധികാരിയുടെ ഭാര്യയുടെ പാപവും സ്ത്രീസമൂഹം മൊത്തം ചുമക്കേണ്ടിവന്നിരിക്കുകയാണ്. പിശാചിനേക്കാൾ വലിയ മായിക വലയം തീർക്കുന്നവളാണ് എന്നത്രെ ചിലർ എഴുതിവെച്ചിരിക്കുന്നത്.**

മറ്റോ നന്നായൊരു പാഠം പഠിപ്പിക്കണമെന്ന് ധ്വനിപ്പിക്കുന്നു. വിശ്വാസവഞ്ചന മൂടിവെക്കാനും ശ്രമം നടത്തുന്നു. ഒരു പാട് സമ്മർദങ്ങൾ നാനാഭാഗത്തുനിന്നും വന്നാൽ യൂസുഫിനെ അനുനയിപ്പിക്കാമെന്നും അവൾ കരുതിയിട്ടുണ്ടാവണം! പക്ഷേ യൂസുഫ് തന്റെ നിരപരാധിത്വം വെട്ടിത്തുറന്ന് പ്രഖ്യാപിക്കുകയാണുണ്ടായത്. “അവളാണ് എന്നെ വശീകരിക്കാൻ ശ്രമിച്ചത്.” കുപ്പായം കീറിയത് മുന്നിലോ പിന്നിലോ എന്ന് നോക്കിയാൽ കുറ്റക്കാരനെ/കാരിയെ പിടികൂടാമെന്ന് ഒരു ബന്ധു നിർദേശിച്ചതനുസരിച്ച്, വിധികർത്താവായ ഭർത്താവ് യൂസുഫിന്റെ കുപ്പായം പിന്നിലാണ് കീറിയതെന്നും അതുകൊണ്ട് തന്റെ ഭാര്യയാണ് കുറ്റക്കാരിയെന്നും കണ്ടെത്തുന്നുണ്ട്. പക്ഷേ പ്രശ്നം ലൈംഗിക അപവാദമായി കത്തിപ്പടരാതെ എങ്ങനെ ഒതുക്കാം എന്നാണ് അയാൾ ആലോചിക്കുന്നത്. മേൽതട്ടിലെ സമ്പന്ന-അധികാരി വർഗങ്ങളിൽ ഇത് പതിവുള്ളതാണല്ലോ. പുറമേക്ക് മാന്യതയുടെ മുഖംമൂടി അണിയണമെന്നേ അവർക്കുള്ളൂ. യൂസുഫിനോട് പ്രശ്നം അവഗണിക്കാനും സ്വന്തം ഭാര്യയോട് തെറ്റിന് മാപ്പിരക്കാനും അയാൾ പറയുന്നത് അതുകൊണ്ടാണ്.[2]

ചില നിരീക്ഷണങ്ങൾ ഇവിടെ പ്രസക്തമാണെന്ന് തോന്നുന്നു.

1. ഒരാളുടെ നന്മയും ഭയഭക്തിയും ഇനി അയാൾക്ക് പ്രവാചകത്വം ലഭിച്ചിട്ടുണ്ടെങ്കിൽ അതുപോലും അയാളുടെ മനുഷ്യസഹജമായ വികാരങ്ങളെയോ താൽപര്യങ്ങളെയോ ഇല്ലാതാക്കി കളയുകയില്ല. വികാരങ്ങളെ പാടേ ഇല്ലായ്മ ചെയ്യുന്നതിലല്ല മനുഷ്യന്റെ ശ്രേഷ്ഠതയും ഔന്നത്യവും കുടികൊള്ളുന്നത്. വികാരങ്ങൾ പറ്റെ ഇല്ലാതായിക്കഴിഞ്ഞാൽ പിന്നെയവൻ ചെയ്യുന്നത് മലക്കുകൾ ചെയ്യുന്നതുപോലെ ആയിത്തീരും. ഒരു കാര്യം ചെയ്തതിന്റെയോ ചെയ്യാത്തതിന്റെയോ പേരിൽ ആക്ഷേപിക്കാനോ പ്രശംസിക്കാനോ കഴിയാതെ വരും. സമഖ്ശരി എഴുതുന്നു: “അല്ലാഹുവിന്റെ ഒരു പ്രവാചകന് തിന്മ ചെയ്യാനുള്ള ഉദ്ദേശ്യം മനസ്സിൽ കിളിർക്കുമോ എന്ന് ചോദ്യം ഉയരാം. യുവസഹജമായ വികാരത്തള്ളിച്ചയിൽ തിന്മ ഉദ്ദേശിക്കുമാറ് തീവ്രമായ ഒരു ആകർഷണം അദ്ദേഹത്തിന് അനുഭവപ്പെട്ടു എന്നേ അർഥമാക്കുന്നുള്ളൂ. ഇഛാശക്തിയെയും വിവേകത്തെയും തോൽപിച്ച് കളയുന്ന ഒരു ചുറ്റുപാട് അവിടെ ഉണ്ടായിരുന്നിട്ടും, പാടില്ലെന്ന ദൈവിക നിർദേശം കിട്ടിയപ്പോൾ അദ്ദേഹം എല്ലാം നിയന്ത്രിക്കുകയും വിട്ടുനിൽക്കുകയും ചെയ്തു. അനിയന്ത്രിതമെന്ന് തോന്നുമാറുള്ള ഈ വികാരത്തള്ളിച്ചയും ആകർഷണവും ഇല്ലായിരുന്നെങ്കിൽ, വിട്ടുനിൽക്കുന്നതിൽ എന്തു മഹത്വമാണുള്ളത്? പരീക്ഷണത്തിന്റെ കാഠിന്യത്തിലാണല്ലോ ക്ഷമയുടെ മാറ്റ് പരീക്ഷിക്കപ്പെടുക.”[3]

എതിർലിംഗത്തോട് ആകർഷണമുണ്ടാവുക സ്വാഭാവികമാണ്. അത് സ്വയമേവ ഒരു തിന്മയല്ല. ശാരീരികവും സാമൂഹികവുമായ ചില മൗലിക ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് ഈ പരസ്പരാകർഷണം. അത് ഇല്ലാത്ത ഒരാൾ ലക്ഷണമൊത്ത മനുഷ്യനായി കണക്കാക്കപ്പെടുകയില്ല. ഈ വികാരങ്ങൾക്കടിപ്പെട്ട് മനു

ഷ്യൻ മൂല്യങ്ങൾ ചവിട്ടിമെതിച്ച് തോന്നിയപോലെ ജീവിച്ച് നശിക്കുന്നതാണ് അധിക്ഷേപാർഹമായിട്ടുള്ളത്. എല്ലാം ഒത്തിണങ്ങിയ സുന്ദരിയായ ഒരു യുവതിയോട് ഈ യുവാവിന് മാനുഷികമായ യാതൊരുതര വികാരങ്ങളും തോന്നിയതേയില്ല എന്ന് സ്ഥാപിക്കാൻ ചില ഖുർആൻ വ്യാഖ്യാതാക്കൾ പണിപ്പെടുന്നത് എന്തിനാണ്? അത്തരം വികാരങ്ങളെ അല്ലാഹുവിന്റെ നിർദേശം മാനിച്ച് തടഞ്ഞു നിർത്താനുള്ള ഈമാനിക കരുത്ത് അദ്ദേഹത്തിന് ഉണ്ടായിരുന്നു എന്നതല്ലേ ശരി? ഇങ്ങനെ സ്വയം കടിഞ്ഞാൺ ഏറ്റെടുക്കാനുള്ള ധാർമിക ശക്തി പകരുക എന്നതുതന്നെയല്ലേ ഇസ്‌ലാമിക ശിക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത്? വികാരങ്ങളെ പിഴുതെറിയലാണ് ഇസ്‌ലാമിക ശിക്ഷണം എന്നാരെങ്കിലും വാദിക്കുമോ? പ്രവാചകന്മാരുടെ പാപസുരക്ഷിതത്വവും (ഇസ്മത്ത്) പൂർണതയും സംഭവിക്കുന്നത് മനുഷ്യസഹജമായ എല്ലാറ്റിൽനിന്നും അവർ മാറ്റിനിർത്തപ്പെടുന്നതുകൊണ്ടാണെന്ന് ധ്വനിപ്പിക്കുംവിധം ചില ഖുർആൻ വ്യാഖ്യാതാക്കൾ വിശദീകരിക്കുന്നത് എന്തിനാണ്? സംഭവം നടക്കുമ്പോൾ യൂസുഫ് പ്രവാചകനായിട്ടുണ്ടായിരുന്നില്ല എന്നതും ശ്രദ്ധേയമാണ്.[4]

**സിരകളിൽ ചോര തിളപ്പിക്കുന്ന ഒരു സംഭവത്തെ യജമാനത്തിക്ക് അനുകൂലമായി മയപ്പെടുത്തിയെടുക്കാനുള്ള സമർഥമായ നീക്കമാണ് സ്ത്രീസമൂഹത്തെ മുഴുവൻ പ്രതിക്കൂട്ടിൽ നിർത്തുന്ന ഈ പ്രയോഗം എന്ന് വരുന്നു. ഒരു പാപവൃത്തിക്ക് സാക്ഷിയായ ഭർത്താവ് തന്റെ ഭാര്യയെ ന്യായീകരിക്കാൻ വേണ്ടി നടത്തിയ ഈ പരാമർശം, ഖണ്ഡിതമായ ദൈവിക പ്രസ്താവമാണെന്നും അത് എല്ലാ കാലത്തും ദേശത്തുമുള്ള സകല സ്ത്രീകൾക്കും ബാധകമാണെന്നും വാദിക്കുന്നത് ഒട്ടും ശരിയല്ല തന്നെ.**



2. സൂക്തത്തിൽ വന്ന 'നിങ്ങൾ പെണ്ണുങ്ങളുടെ കുതന്ത്രം ഭയങ്കരംതന്നെ' എന്ന പരാമർശം ഒരു നിർണിത സ്ത്രീയെക്കുറിച്ച് മാത്രമാണെന്ന് മനസ്സിലാക്കണം. നടന്നുകഴിഞ്ഞ അധമ വൃത്തിയുടെ ഗൗരവം കുറക്കാനും അത് നിസ്സാരമാണെന്ന് വരുത്തിത്തീർക്കാനുമാണ് യജമാനത്തിയുടെ ഭർത്താവ് അത് മുഴുവൻ സ്ത്രീകളിലേക്കുമായി ചേർത്തിപ്പറയുന്നത്. ഈ സ്ത്രീയെ മാത്രമായി ആക്ഷേപിക്കാനൊന്നുമില്ല, എല്ലാ സ്ത്രീകളും കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവരും സത്യം മറച്ചുവെക്കുന്നവരും ശരീരേച്ഛകൾക്ക് അടിപ്പെടുന്നവരും ആണ് എന്നാണ് അയാളുടെ ന്യായീകരണം. അത് സ്ത്രൈണ പ്രകൃതമാണെന്നും അതിന്റെ പേരിൽ ആക്ഷേപിക്കേണ്ടതില്ലെന്നും വാദിക്കുന്നു. മറ്റൊരു മറുപടിയും ഇല്ലാത്തതുകൊണ്ട് ഇങ്ങനെയൊരു ന്യായീകരണം കണ്ടെത്താൻ അയാൾ നിർബന്ധിതനാണ്. കുറ്റകൃത്യം മാത്രമല്ല, ഏത് ദുരന്തവും പലർക്കായി വീതിച്ച് നൽകിയാൽ അതിന്റെ ഭാരം ലഘൂകരിക്കപ്പെടുമല്ലോ. ഖൻസാഅ് തന്റെ സഹോദരൻ മരിച്ചതിലുള്ള ദുഃഖത്തിൽ പാടി: "എന്റെ ചുറ്റും സഹോദരങ്ങളുടെ വേർപാടിൽ വിലപിക്കുന്നവരുടെ പെരുപ്പം ഇല്ലായിരുന്നെങ്കിൽ ഞാൻ സ്വയം ജീവനൊടുക്കിയേനേ."

അപ്പോൾ സിരകളിൽ ചോര തിളപ്പിക്കുന്ന ഒരു സംഭവത്തെ യജമാനത്തിക്ക് അനുകൂലമായി മയപ്പെടുത്തിയെടുക്കാനുള്ള സമർഥമായ നീക്കമാണ് സ്ത്രീസമൂഹത്തെ മുഴുവൻ പ്രതിക്കൂട്ടിൽ നിർത്തുന്ന ഈ പ്രയോഗം എന്ന് വരുന്നു. ഒരു പാപവൃത്തിക്ക് സാക്ഷിയായ ഭർത്താവ് തന്റെ ഭാര്യയെ ന്യായീകരിക്കാൻ വേണ്ടി നടത്തിയ ഈ പരാമർശം, ഖണ്ഡിതമായ ദൈവിക പ്രസ്താവമാണെന്നും അത് എല്ലാ കാലത്തും ദേശത്തുമുള്ള സകല സ്ത്രീകൾക്കും ബാധകമാണെന്നും വാദിക്കുന്നത് ഒട്ടും ശരിയല്ല തന്നെ. എന്നാൽ ചില ഖുർആൻ വ്യാഖ്യാതാക്കൾ ആ നിലപാടിലാണ് എത്തിച്ചേരുന്നത്. ഇബ്നുൽ മുനീർ അൽ ഇസ്കന്ദരി എഴുതുന്നു: "സ്ത്രീകളുടെ കുതന്ത്രം എന്ന് ഈജിപ്ഷ്യൻ ഭരണാധികാരിയുടെ വാക്കുകളിലാണ് വന്നിട്ടുള്ളതെങ്കിലും അത് എടുത്തുദ്ധരിച്ചതിൽനിന്ന്, അല്ലാഹു ആ അഭിപ്രായം ശരിവെക്കുന്നു എന്നാണ് മനസ്സിലാവുന്നത്. ആ അഭിപ്രായം തിരുത്തുക എന്നത് അവിടെ ഉദ്ദേശ്യമായിരിക്കാൻ സാധ്യത കാണുന്നില്ല."[5]

എന്നാൽ കുതന്ത്രങ്ങളിൽ അഭിരമിക്കുക സ്ത്രീസ്വഭാവമാണെന്ന് ധ്വനിപ്പിക്കുന്ന യാതൊരു പരാമർശവും ഖുർആനിലോ നബിവചനങ്ങളിലോ കാണുന്നില്ല. മനുഷ്യപ്രകൃതത്തെ വിശദീകരിക്കുന്ന ഖുർആനിക സൂക്തങ്ങളൊന്നും ആണിനെയും പെണ്ണിനെയും വേർതിരിക്കുന്നുമില്ല. "നിശ്ചയം ആത്മാവിനെ ശുദ്ധീകരിച്ചവൻ വിജയം പ്രാപിച്ചു. അതിനെ ചവിട്ടിത്താഴ്ത്തിയവൻ പരാജയപ്പെട്ടു" (*അശ്ശംസ്* 9,10). "മനുഷ്യന് താൻ പ്രയത്നിച്ചതല്ലാതെ യാതൊന്നുമില്ല" (*അന്നജ്മ്* 39).

അതേസമയം സ്ഥാനത്തും അസ്ഥാനത്തും സ്ത്രീകളുടെ മുതുകത്ത് പ്രഹരിക്കാനുള്ള ചാട്ടയായി മാറുന്നു ചിലരുടെ കൈയിൽ *യൂസുഫ്* അധ്യായത്തിൽ വന്ന ഈ പരാമർശം. സ്ത്രീകൾ മിസ്ർ ഭരണാധികാരിയുടെ ഭാര്യയെപ്പോലെയാണ് എന്ന് ചിലപ്പോൾ അവർ കുത്തുവാക്ക് പറയും. അവളെപ്പോലെ ഒരൊറ്റ സ്ത്രീയെയും വിശ്വസിക്കാൻ കൊള്ളില്ലെന്ന് ചിലപ്പോൾ പരസ്യമായും പറയും. ആദി പാപത്തിന്റെ ഭാരം സ്ത്രീകൾ ഏറ്റെടുക്കേണ്ടിവന്നതു പോലെ, മിസ്ർ ഭരണാധികാരിയുടെ ഭാര്യയുടെ പാപവും സ്ത്രീസമൂഹം മൊത്തം ചുമക്കേണ്ടിവന്നിരിക്കു

കയാണ്. പിശാചിനേക്കാൾ വലിയ മായിക വലയം തീർക്കുന്നവളാണ് എന്നത്രെ ചിലർ എഴുതിവെച്ചിരിക്കുന്നത്. ഒരു പണ്ഡിതനോട് ആരോ ചോദിച്ചത്രെ: ഏതാണ് ഏറ്റവും കഠിനം; പിശാചിന്റെ കുതന്ത്രമോ സ്ത്രീയുടെ കുതന്ത്രമോ? പണ്ഡിതന്റെ മറുപടി: പിശാചിനേക്കാൾ ഞാൻ സ്ത്രീകളെ ഭയക്കുന്നു. കാരണം അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ 'പിശാചിന്റെ കുതന്ത്രം ദുർബലമാണ്' (*അന്നിസാഅ്* 76) എന്ന്. എന്നാൽ സ്ത്രീകളെക്കുറിച്ച് പറഞ്ഞത്: 'നിങ്ങളുടെ കുതന്ത്രം ഭയങ്കരമാണ്' എന്നത്രെ. സ്ത്രീകളെക്കുറിച്ച് അങ്ങനെ പറഞ്ഞത് മിസ്റിലെ ഭരണാധികാരി അല്ലേ എന്നും സ്ത്രീകളുടെ കുതന്ത്രം തന്നെ പിശാചിന്റെ ദുർബോധനം വഴി ഉണ്ടാവുന്നതല്ലേ എന്നും ഒരാൾ തിരിച്ചു ചോദിച്ചപ്പോൾ ആ പണ്ഡിതൻ വിശദീകരിച്ചത് ഇങ്ങനെയായിരുന്നു: "സ്ത്രീകളുടെ കുതന്ത്രം എന്നത് പിശാചിന്റെ കുതന്ത്രത്തിന്റെ ചില അംശങ്ങളാണ്."[6]

സ്ത്രീയും പിശാചും തമ്മിലുള്ള താരതമ്യം അവിടെ നിൽക്കട്ടെ. ഇത്തരം വിശദീകരണങ്ങൾ സ്ത്രീക്ക് പുരുഷനിൽനിന്ന് വ്യത്യസ്തമായ ഒരു വ്യാജ കർതൃത്വവും പ്രകൃതവുമാണ് പതിച്ചു നൽകുന്നത്. സകലവിധ അടിമത്തങ്ങളിൽനിന്നും സ്ത്രീത്വത്തെ വിമോചിപ്പിച്ച ഇസ്‌ലാമിക വിപ്ലവത്തെ പാടേ നിരാകരിക്കുകയും തകർക്കുകയും ചെയ്യുന്ന കാഴ്ചപ്പാടാണിത്. ഈ പ്രതിവിപ്ലവം ഇസ്‌ലാമിന്റെ കുപ്പായമണിയുകയും അതിന്റെ വിപ്ലവ വീര്യത്തെ പുറകിൽനിന്ന് കുത്തുകയും ചെയ്തു. തഫ്സീർ, ഫിഖ്ഹ്, മുഖ്യധാരാ സാഹിത്യം, ജനകീയ സാഹിത്യം, ആചാര സമ്പ്രദായങ്ങൾ തുടങ്ങിയ നമ്മുടെ മൊത്തം പാരമ്പര്യത്തിൽ സ്ത്രീവിരുദ്ധത പരന്ന് നിറഞ്ഞു കിടക്കുകയാണ്. സ്ത്രീയെ നിന്ദിച്ചും എല്ലാ അധമവൃത്തികളും അവളിലേക്ക് ചേർത്തു പറഞ്ഞും ഈ സ്ത്രീവിരുദ്ധ പാരമ്പര്യം ഇസ്‌ലാമിക വിപ്ലവജ്വാലകളെ കെടുത്തിക്കൊണ്ടേയിരിക്കുന്നു.

**തഫ്സീർ, ഫിഖ്ഹ്, മുഖ്യധാരാ സാഹിത്യം, ജനകീയ സാഹിത്യം, ആചാര സമ്പ്രദായങ്ങൾ തുടങ്ങിയ നമ്മുടെ മൊത്തം പാരമ്പര്യത്തിൽ സ്ത്രീവിരുദ്ധത പരന്ന് നിറഞ്ഞു കിടക്കുകയാണ്. സ്ത്രീയെ നിന്ദിച്ചും എല്ലാ അധമവൃത്തികളും അവളിലേക്ക് ചേർത്തു പറഞ്ഞും ഈ സ്ത്രീ വിരുദ്ധ പാരമ്പര്യം ഇസ്‌ലാമിക വിപ്ലവജ്വാലകളെ കെടുത്തിക്കൊണ്ടേയിരിക്കുന്നു.**

ജീവിതമെന്നാൽ സുഖിച്ചും തിമർത്തും ശരീരകാമനകൾ തീർത്തും ആറാടലാണെന്ന് കരുതുന്ന കൊട്ടാരവാസിയായ മിസ്റിലെ ഭരണാധികാരിയുടെ ഭാര്യയെപ്പോലുള്ള സ്ത്രീകൾ, സകല ധാർമികപരിധികളും ലംഘിച്ച് കുതന്ത്രങ്ങൾ മെനയുന്നു എന്നത് ശരിയാണ്. കുടുംബത്തെ പോറ്റാനും അവർക്ക് ശിക്ഷണം നൽകി ധർമബോധമുള്ള പുതിയ തലമുറയെ വാർത്തെടുക്കാനും വീടിന്റെ ഇടുങ്ങിയ ചുവരുകൾക്കകത്തും ഫാക്ടറികളിലും സ്കൂളുകളിലും മറ്റു സ്ഥാപനങ്ങളിലും കഠിനാധ്വാനം ചെയ്യുന്ന ആത്മാഭിമാനവും ധർമബോധവുമുള്ള സ്ത്രീ അതിനെന്ത് പിഴച്ചു! പരിശ്രമശാലിയായ ഈ സ്ത്രീയും ആഡംബരങ്ങളിൽ മുങ്ങിപ്പൊങ്ങി കുതന്ത്രങ്ങൾ മെനയുന്ന സ്ത്രീയും തമ്മിൽ എന്തു ബന്ധം? ■

(തുടരും)

### കുറിപ്പുകൾ

1. അൽഅഖാദ്- *അൽമർഅതു ഫിൽ ഖുർആൻ* 16-18
2. സയ്യിദ് ഖുത്വ്ബ്- *ഫീളിലാലിൽ ഖുർആൻ*
3. സമഖ്ശരി- *അൽകശ്ശാഫ്* 2/311
4. ഇബ്നു ആശൂർ- *അത്തഹ്രീറു വത്തൻവീർ*
5. *കശ്ശാഫിൽ* ഉദ്ധരിച്ചത്. 2/315
6. ഉദ്ധരണം, *അൽമനാർ* 288